കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/3473/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 25/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം. 14/3473/16 തിയ്യതി:25/01/2017

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 16.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 5-12-2016 മുതൽ 16-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി കെ ശുഭാദേവി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സെൽമത്ത്.ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സിന്ധു . ഐ | ഓഡിറ്റർ |
| ശ്രീ. ശ്രീകാന്ത്. വി.പി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സുധാദേവി പി.ഡി. | 01.04.2015 മുതൽ 26.4..2015 വരെ |
| ശ്രീ മുഹമ്മദ് ഉസ്മാൻ ടി.പി. | 27.4..2015 മുതൽ 30.10.2015 വരെ |
| ശ്രീമതി സഫിയ റസാഖ് തോട്ടത്തിൽ | 1.11.2015 മുതൽ 31.03.2016 വരെ |

(അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി രൂപീകരിച്ചിട്ടില്ല)

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. അബ്ദുഫൈസൽ | 01.04.2015 മുതൽ 29.07.2015 വരെ |
| | ശ്രീമതി. സൽമാബീവി | 30.07.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സൽമാബീവി | 01.04.2015 മുതൽ 29.07.2015വരെ |
| | ജയൻ ടി.വി. | 19.08.2015മുതൽ 13.10.2015വരെ |
| | ശ്രീമതി.ബിസിലിബിന്ദു. | 14.10.2015മുതൽ 31.03.2016 വര |
| കൃഷി ഓഫീസർ | ശ്രീമതി. സഫീറ.സി.പി, | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.വി.മുരളി, | 01.04.2015 മുതൽ 30.12.2015 വരെ |
| | ശ്രീമതി.രജിതജോസഫ്, | 31.12.2015മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. അമ്മുണ്ണി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ലത.കെ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ഉഷാദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ,ഈസ അരീക്കാടൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉണ്ണികൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | സജിനി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.സൌമ്യ.ബി.എസ് | 01.04.2015 മുതൽ 10.07.2015 വരെ |
| | ശ്രീ. രാജപ്പൻ പി.ജി. | 14.09.2015 മുതൽ 31.03.2016 വരെ |

(അസി.സെക്രട്ടറി : 30-7-15 മുതൽ 18-8-15 വരെ : Vacant)

(അസി.എൻജിനീയർ : 11-7-15 മുതൽ 13-9-15 വരെ : Vacant)

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ കുറച്ച് ഈടാക്കിയതിനാൽ വരുമാന നഷ്ടം | 2-1 | |
| 13 | ജീവനക്കാരുടെതൊഴിൽ നികുതി കുറവായി ഈടാക്കി | 2-2 | |
| 14 | ഷട്ടർ സ്ഥാപിച്ചതിന് പെർമിറ്റ് ഫീ ഈടാക്കിയില്ല – വരുമാന നഷ്ടം | 2-3 | |
| 15 | റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കിയതിനാൽ വരുമാന നഷ്ടം | 2-4 | |
| 16 | റേഷൻ കടകൾക്ക് ഫീസ് ഈടാക്കിലൈസൻസ് നൽകേണ്ടതാണ് | 2-5 | |
| 17 | IOC പ്ലാന്റിലെ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 | |
| 18 | D & O ലൈസൻസ് - പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഇല്ല | 2-7 | |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല | 2-8 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | റോഡ് കോൺക്രീറ്റിംഗ് - 49,804 രൂപ അധികം നൽകി | 3-1 | |
| 21 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-2 | |
| 22 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ മാർഗരേഖ പാലിക്കുന്നില്ല | 3-3 | |
| 23 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 | |
| 24 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ജില്ലാ പഞ്ചായത്ത് വിഹിതം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയില്ല | 3-5 | |
| 25 | THRS ഭക്ഷ്യ മിശ്രിതം - ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല | 3-6 | |
| 26 | പരിരക്ഷ – മരുന്നുകൾ പൂർണ്ണമായിലഭ്യമാക്കിയിട്ടില്ല | 3-7 | |
| 27 | പരിരക്ഷ- അപാകതകൾ | 3-8 | |
| 28 | ഭവനനിർമ്മാണം - തറവിസ്തീർണം പരിധി അധികരിച്ചത് - തുക തിരിച്ചടവാക്കിയില്ല | 3-9 | |
| 29 | ഭവനനിർമ്മാണം - പണി പൂർത്തീകരിച്ചില്ല | 3-10 | |
| 30 | അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത | 3-11 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 31/03/2015 തീരുമാനം (1) | 27/02/2016 തീരുമാനം (1) |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 29.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 14-12-16 മുതൽ 15-12-16 വരെ | KSAMPM14/3473/16, തീ: 25/01/2017 |

വാർഷികകണക്കുകളിലുള്ള അപാകതകൾ

1) സ്ഥിര ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന നടത്തിയിട്ടില്ല

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

3) Capital Work in Progress ഇനത്തിലുള്ള 10,87,000 രൂപയുടെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല

4) Transaction ഇല്ലാത്ത ബാങ്ക് അക്കൗണ്ട് (ജലനിധി) നിർത്തലാക്കേണ്ടതാണ്.

5) മുൻവർഷ AFS സാക്ഷ്യപത്രത്തിലെ ക്രമ നമ്പർ (1) പ്രകാരമുള്ള അപാകത പരിഹരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | 5552370.9 |
| വരവ് | 43234961 |
| ആകെ | 48787331.9 |
| ചെലവ് | 44672619 |

| | |
|---|---|
| നീക്കിയിരിപ്പ് | 4114712.9 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം (1) | മുൻബാക്കി (2) | വരവ് തുക (3) | ട്രാൻസ്ഫർ ക്രഡിറ്റ് (4) | ആകെ തുക (5) | ചെലവ് തുക (6) | നീക്കിബാക്കി (ACR പ്രകാരം) Lapsed (7) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2972001 | 8028848 | ( +) 554 | 11001403 | 11001403 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4713000 | - | 4713000 | 4713000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | 26,000 | - | 26,000 | - | 26000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 6367000 | - | 6367000 | 6367000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 2822000 | - | 2822000 | 2822000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3305328 | (-)554 | 3304774 | 3304774 | 0 |
| ലോക ബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 110 | 57313189 | 72 | 33783290 | 21 | 17 | 65.45 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ്/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | |
|---|---|---|---|---|
| നികുതി വരവുകൾ | 8094149 | 5918606 | (-) 2175543 | -27% |

| | | | | |
|---|---|---|---|---|
| നികുതി ഇതര വരവുകൾ | 969974 | 866004 | (-) 103970 | -11% |
| മറ്റു വരവുകൾ | 153621 | 145962 | (-) 7659 | -5% |
| ആകെ | 9217744 | 6930572 | (-) 22,87,172 | -25% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242520 | 143 |
| കർഷകതൊഴിലാളി വേതനം | 2317470 | 335 |
| വിധവാപെൻഷൻ | 6580960 | 717 |
| വാർദ്ധക്യകാലപെൻഷൻ | 7186110 | 945 |
| വികലാംഗപെൻഷൻ | 2826075 | 288 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ.....സഹായം | 544600 | 60 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 4125 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

മെഡിക്കൽ ഓഫീസർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. എച്ച്.എം. കൃഷി ഓഫീസർ എന്നിവർ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ എല്ലാ ആസ്തികളുടെയും വിവരം ഉൾപ്പെടുത്തി കാലികമായി സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/10/2016 & 18/10/2016 | Sept -2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഇല്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/11/2013 മുതൽ 03/12/2013 വരെ | 2008-09 to 2012-13 | 13/01/2014 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറച്ച് ഈടാക്കിയതിനാൽ വരുമാന നഷ്ടം

ജി.ഒ.എം.എസ്64/2011/ത.സ്വ.ഭ.വ. തീയ്യതി 26-02-11 ഉത്തരവ് പ്രകാരം കാറ്റഗറി-I വില്ലേജ് പഞ്ചായത്തിൽ ഉൾപ്പെടുന്ന തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളിൽ പാർപ്പിടാവശ്യത്തിനുള്ളവയ്ക്ക് പെർമിറ്റ് ഫീസ് ച.മീ ന് 5 രൂപ (150 ച.മീ.നു

മുകളിൽ) യും അല്ലാത്തവയ്ക്ക് 2.50 രൂപയുമാണ് ബാധകം. വാണിജ്യകെട്ടിടങ്ങൾക്ക് ച.മീ. ന് 7 രൂപയാണ് ബാധകമായ പെർമിറ്റ് ഫീസ്. എന്നാൽ 2015-16 വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നിരക്ക് കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

| പെർമിറ്റ് നം. | കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 24/15-16 | ഗോപി | റസിഡൻഷ്യൽ | 128.07 | 92 | 320.18 | 228.18 |
| 13/15-16 | സുലൈമാൻ | റസിഡൻഷ്യൽ | 108.45 | 116 | 271.13 | 155.13 |
| 52/15-16 | മുഹമ്മദലി | റസിഡൻഷ്യൽ | 107.53 | 205 | 268.83 | 63.83 |
| 55/15-16 | അനിൽകുമാർ | റസിഡൻഷ്യൽ | 242.48 | 242 | 1212.4 | 970.4 |
| 77/15-16 | അബ്ദുൾ റസാഖ് | റസിഡൻഷ്യൽ | 103.89 | 168 | 259.73 | 91.73 |
| 75/15-16 | ശിവദാസൻ | വാണിജ്യം | 74.92 | 164 | 524.44 | 360.44 |
| ആകെ | | | | | | 1869.71 |

കുറവ് ഈടാക്കിയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി നൽകിയിട്ടില്ല. നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി 2015-16 സാമ്പത്തിക വർഷത്തിൽ കുറവായി അടവാക്കി.

| ക്രമ | സ്ഥാപനം | പേര് | റിട്ടേണിൽ കാണിച്ചിരിക്കുന്ന വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 1 | വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ ചേളാരി | സജിത്ത് | 125840 | 1000 | 1250 | 250 |
| 2 | കോപ്പറേറ്റീവ് റൂറൽ ബാങ്ക് തേഞ്ഞിപ്പലം | ശ്രീജിത്ത് | 101844 | 750 | 1000 | 250 |
| 3 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | ഉല്ലാസ് | 100465 | 750 | 1000 | 250 |
| ആകെ | | | | | | 750 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 10/13-12-2016 ന് സെക്രട്ടറി തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഷട്ടർ സ്ഥാപിച്ചതിന് പെർമിറ്റ് ഫീ ഈടാക്കിയില്ല - വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷ ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ ജി.ഒ.എം.എസ്64/2011/ത.സ്വ .ഭ.വ26-2-11ഉത്തരവ് പ്രകാരം കാറ്റഗറി-I വില്ലേജ് പഞ്ചായത്തിൽ ഉൾപ്പെടുന്ന തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ വാണിജ്യ സ്ഥാപനങ്ങളുടെ കെട്ടിട ഉടമകളിൽ നിന്നും 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഷട്ടർ സ്ഥാപിച്ചതിന്റെ പെർമിറ്റ് ഫീ ഒരെണ്ണത്തിന് 200 രൂപ നിരക്കിൽ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു

| ക്രമ | സ്ഥാപന ഉടമ. | പെർമിറ്റ് | സ്ഥാപിച്ച | ഈടാക്കാനുള്ള | റിമാർക്സ് |
|---|---|---|---|---|---|

| നമ്പർ | | നമ്പർ | ഷട്ടറുകളുടെ എണ്ണം | പെർമിറ്റ് ഫീ | |
|---|---|---|---|---|---|
| 1 | കല്ലിച്ചാൽ ഹംസ | 46/15-16 | 1 | 200 | |
| 2 | സെക്രട്ടറി തബ്ശീറുൽ അന്നം സംഘം | 165/15-16 | 2 | 400 | |
| 3 | വല്ലശ്ശേരി ശിവദാസൻ | 75/15-16 | 6 | 1200 | |
| 4 | കെ.പി.കദീശകുട്ടി | 192/15-16 | 6 | 1200 | |
| 5 | തറയിൽ രാധാകൃഷ്ണൻ | 194/15-16 | 6 | 1200 | |
| 6 | സാദിഖലി ശിഹാബ്തങ്ങൾ | 196/15-16 | 7 | 1400 | |
| 7 | എസ്.ശിവകുമാർ | 199/15-16 | 1 | 200 | |
| 8 | ഉണ്ണികൃഷ്ണൻ | 50/15-16 | 1 | 200 | |
| 9 | ശാക്കിര.പി.എം | 254/15-16 | 29 | 5800 | |
| 10 | ശറഫുദീൻ.പി.വി | 217/15-16 | 17 | 3400 | |
| 11 | മുനീർ | 218/15-16 | 7 | 1400 | |
| 12 | സൈതലവി.ടി.കെ | 158/15-16 | 12 | 2400 | |
| 13 | മഹമൂദ് | 39/15-16 | 6 | 1200 | |
| 14 | മമ്മദ് | 4/15-16 | 4 | 800 | |
| 15 | അബ്ദുൾ റസാഖ് | 188/15-16 | 6 | 1200 | |
| 16 | സൈദു | 244/15-16 | 2 | 400 | |
| ആകെ | | | | 22600 | |

കുറവ് ഈടാക്കിയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി -24നൽകിയതിന് മറുപടി നൽകിയിട്ടില്ല. നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-4 റെഗുലറൈസേഷൻ ഫീസ് കുറച്ച് ഈടാക്കിയതിനാൽ വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരം കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് രാജിയാക്കൽ ഫീസായി ഒടുക്കേണ്ട തുകയും തുക ഒടുക്കേണ്ട കാലാവധിയും വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.മാത്രമല്ല പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കും രാജിയാക്കൽ ഫീസ്. പാർപ്പിടാവശ്യത്തിനുള്ളവയ്ക്ക് ച.മീ ന് 5 രൂപയും (150 ച.മീ.ന മുകളിൽ) അല്ലാത്തവയ്ക്ക് 2.5 രൂപയുമാണ് ബാധകം. വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീ. ന് 7 രൂപയാണ് ബാധകമായ പെർമിറ്റ് ഫീ. പെർമിറ്റ് ഫീസിന് പുറമെ ഇവയുടെ ഇരട്ടിയാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടിയിരുന്നത്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് ഫീസും അതിന്റെ ഒരു മടങ്ങും ആണ് ഈടാക്കിയത് .വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | റജിസ്റ്ററിലെ ക്രമ.നം | പേര് | തരം | വിസ്തീർണ്ണം ച.മീ | ഈടാക്കിയ ഫീസ് | ഈടാക്കിയ ഫീസിന്റെ രസീതി നമ്പറും തീയ്യതിയും | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 99 | മുഹമ്മദ് കോയ | റസി | 89.17 | 446 | 11503100376/04-05-15 | 668.78 | 222.78 |
| 2 | 101 | പ്രജീഷ് | റസി | 68.21 | 342 | 11503100064/07-04-15 | 511.58 | 169.58 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 108 | ഷീന.പി | പമ്പ് ഹൌസ് | 5.94 | 30 | 11503100562/13-05-15 | 44.55 | 14.55 |
| 4 | 115 | പ്രമോദ്.പി | ററസി | 66.57 | 333 | 11503100559/13-05-15 | 499.28 | 166.28 |
| 5 | 116 | അമ്മുണ്ണി | ററസി | 79.23 | 396 | 11503100580/13-05-15 | 594.23 | 198.23 |
| 6 | 118 | ബേബി | ററസി | 47.17 | 236 | 11503100580/13-05-15 | 353.78 | 117.78 |
| 7 | 122 | പ്രേമ് കുമാർ | ററസി | 213.74 | 460 | 11503100530/12-05-15 | 3206.1 | 2746.1 |
| 8 | 124 | രേഖ | ററസി | 157.73 | 1577 | 11503100610/14-05-15 | 2365.95 | 788.95 |
| 9 | 125 | സജീവൻ | ററസി | 196.57 | 2060 | 11503100474/07-05-15 | 2948.55 | 888.55 |
| 10 | 127 | മുജീബ് റഹ്മാൻ | ററസി | 176.70 | 1768 | 11503100551/13-05-15 | 2650.5 | 882.5 |
| 11 | 130 | ഇന്ദു | ററസി | 167.96 | 1680 | 11503100607/14-05-15 | 2519.4 | 839.4 |
| 12 | 136 | മുഹമ്മദ് അലി ഹാജി | വാണി | 171.87 | 2406 | 11503101691/24-07-15 | 3609.27 | 1203.27 |
| 13 | 138 | രവീന്ദ്രൻ | ററസി | 122.26 | 615 | 11503101699/20-05-15 | 916.95 | 301.95 |
| 14 | 139 | അബൂബക്കർ | ററസി | 102.68 | 502 | 11503101343/30-06-15 | 770.1 | 268.1 |
| 15 | 152 | ഇന്ദിര | ററസി | 124.94 | 625 | 11503101824/27-05-15 | 937.05 | 312.05 |
| 16 | 175 | സത്യവതി | ററസി | 63.15 | 316 | 11503101706/25-07-15 | 473.63 | 157.63 |
| 17 | 184 | സിന്ദു | ററസി | 53.04 | 265 | 11503101610/17-07-15 | 397.8 | 132.8 |
| 18 | 190 | വീരാൻ കുട്ടി | ററസി | 231.58 | 2425 | 11503101636/21-07-15 | 3473.7 | 1048.7 |
| 19 | 197 | യമുന | ററസി | 36.04 | 180 | 11503101565/13-07-15 | 270.3 | 90.3 |
| 20 | 198 | ബാബു | ററസി | 133.26 | 714 | 11503101587/15-07-15 | 999.45 | 285.45 |
| 21 | 203 | അബ്ദുൾ അക്ബർ | ററസി | 116.61 | 583 | 11503101684/23-07-15 | 874.58 | 291.58 |
| 22 | 227 | മോഹനൻ | ററസി | 124.45 | 622 | 11503101924/07-08-15 | 933.38 | 311.38 |
| 23 | 229 | അനീസ് | വാണി | 48.59 | 680 | 11503101947/11-08-15 | 1020.39 | 340.39 |
| 24 | 240 | ദേവദാസൻ | ററസി | 73.28 | 367 | 11503102353/04-09-15 | 549.6 | 182.6 |
| 25 | 249 | ബാബു | ററസി | 116.45 | 583 | 11503102515/10-09-15 | 873.38 | 290.38 |
| 26 | 259 | ഹൈദർ | വാണി | 84.04 | 1177 | 11503102538/11-09-15 | 1764.84 | 587.84 |
| 27 | 271 | കനകലത | ററസി | 74.72 | 374 | 11503103571/31-10-15 | 560.4 | 186.4 |
| 28 | 273 | ഉബൈദ് | ററസി | 84.64 | 424 | 11503103085/08-10-15 | 634.8 | 210.8 |
| 29 | 282 | ഇമ്പിച്ചിക്കോയ | ററസി | 166.78 | 1668 | 11503103385/15-10-15 | 2501.7 | 833.7 |
| 30 | 283 | രജിസ്ട്രാർ | വാണി | 83.71 | 1172 | 11503103977/01/10/15 | 1757.91 | 585.91 |
| 31 | 288 | ഹംസ | വാണി<br>ററസി | 21.89<br>45.87 | 537 | 11503103401/15-10-15 | 804 | 267 |
| 32 | 290 | മുസ്തഫ | ററസി | 92.4 | 462 | 11503103468/20-10-15 | 693 | 231 |
| 33 | 291 | ഫൈസൽ | ററസി | 105.2 | 526 | 11503103504/26-10-15 | 789 | 263 |
| 34 | 304 | പ്രേമൻ | ററസി | 103.09 | 516 | 11503104891/29-01-16 | 773.18 | 257.18 |
| 35 | 307 | അമ്മിണി | ററസി | 67.8 | 339 | 11503103955/02-12-15 | 508.5 | 169.5 |
| 36 | 316 | ഷീജ | ററസി | 144.86 | 725 | 11503103547/29-10-15 | 1086.45 | 361.45 |
| 37 | 319 | ഹാജറ | ററസി | 64.25 | 322 | 11503104105/14-12-15 | 481.88 | 159.88 |
| 38 | 322 | സുബ്രമണ്യൻ | ററസി | 68.67 | 344 | 11503104278/23-12-15 | 515.03 | 171.03 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 39 | 326 | സത്യനാഥൻ | റസി | 270.61 | 2707 | 11503103730/17-11-15 | 4059.15 | 1352.15 |
| 40 | 330 | ശങ്കരൻ | റസി | 55.82 | 280 | 11503104146/16-12-15 | 418.65 | 138.65 |
| 41 | 333 | ശോഭന | റസി | 65.39 | 327 | 11503104968/01-02-16 | 490.43 | 163.43 |
| 42 | 343 | പെരച്ചൻ | റസി | 182.01 | 1820 | 11503104152/16-12-15 | 2730.15 | 910.15 |
| 43 | 370 | ഉണ്ണീമ | റസി | 216.04 | 2161 | 11503104248/22-12-15 | 3240.6 | 1079.6 |
| 44 | 382 | കൃഷ്ണൻ | റസി | 100.74 | 504 | 11503106667/23-03-16 | 755.55 | 251.55 |
| 45 | 25 | സുമ | റസി | 50.44 | 253 | 11503105031/03-02-16 | 378.3 | 125.3 |
| 46 | 26 | മൊയ്തീൻ കോയ | വാണി | 111.38 | 780 | 11503105103/05-02-16 | 2338.98 | 1558.98 |
| 47 | 78 | വേലായുധൻ | റസി | 66.7 | 334 | 11503106819/28-03-16 | 500.25 | 166.25 |
| 48 | 79 | രവി | റസി | 77.74 | 389 | 11503107067/31-03-16 | 583.05 | 194.05 |
| 49 | 80 | അബ്ദുൾ റഹ്മാൻ കുട്ടി | വാണി | 28.48 | 399 | 11503106900/29-03-16 | 598.08 | 199.08 |
| 50 | 72 | ജാനു | റസി | 57.97 | 290 | 11503106737/26-03-16 | 434.78 | 144.78 |
| 51 | 49 | സജീഷ് | റസി | 112.19 | 561 | 11503106161/10-03-16 | 841.43 | 280.43 |
| 52 | 45 | സുബൈദ | വാണി | 33.12 | 464 | 11503106674/23-03-16 | 695.52 | 231.52 |
| 53 | 41 | സുലൈദ് | റസി | 123.88 | 620 | 11503105395/17-02-16 | 929.1 | 309.1 |
| ആകെ | | | | | | | | 23641 |

കുറവ് ഈടാക്കിയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 22/15-12-2016 ന് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച കൊണ്ട് ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടാകാത്ത വിധം തുർനടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 <u>റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്</u>

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി -11 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 9 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്.

| റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| ആലുങ്ങൽ | 1 |
| മേലെ ചേളാരി | 1 |
| അരിപ്പാറ | 1 |
| കടക്കാട്ടുപ്പാറ | 1 |
| ചെനക്കലങ്ങാടി | 1 |
| പാണമ്പ്ര | 1 |
| യൂണിവേഴ്സിറ്റി | 1 |
| നീരോൽപ്പാലം | 1 |

| റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| ദേവതിയാൽ | 1 |
| ആകെ | 9 |

ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്ലാന്റിലെ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്ലാന്റിലെ ആകെയുള്ള 156 ഓളം ജീവനക്കാരിൽ 36 ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് .മുൻകാല ഓഡിറ്റ് റിപ്പോർട്ടിൽ ഈ അപാകത ചൂണ്ടികാണിച്ചിട്ടും നടപടി സ്വീകരിച്ചിട്ടില്ല.ആയതിന്റെ വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി -07നൽകിയതിന് മറുപടിയിൽ പ്ലാന്റ് മാനേജർക്ക് തൊഴിൽ നികുതി ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയതുൾപ്പെടെയുള്ള തുടർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് .തൊഴിൽ നികുതി ഈടാക്കി രസീതി പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-7 ഡി ആന്റ് ഒ ലൈസൻസ് -പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഇല്ല.

ജി ഒ (ആർ ടി)795/2007/ത.സ്വ.ഭ.വ 16.03.2007 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർ ടേക്കിംഗ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിലൊന്നും തന്നെ മേൽ അണ്ടർ ടേക്കിംഗ് സമർപ്പിച്ചിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/13.12.2016) ഇനിയുള്ള അപേക്ഷകരിൽ നിന്നും അണ്ടർ ടേക്കിംഗ് വാങ്ങുന്നതാണെന്ന മറുപടിയാണ് നൽകിയത്. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 കെട്ടിട നിർമ്മാണ പെർമിറ്റ്- രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല.

1. കെട്ടിടങ്ങളുടെ ഫ്ലോർ വിസ്തീർണ്ണം, FAR മൂല്യം.
2. പെർമിറ്റ് കാലാവധി കഴിയുന്നതിനു മുൻപ് കാലാവധി നീട്ടുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ ഈടാക്കിയ ഫീസ്
3. കാലാവധി കഴിഞ്ഞ് പെർമിറ്റ് പുതുക്കിയ അപേക്ഷകളിന്മേൽ ഈടാക്കിയ ഫീസ്.
4. അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിൽ ഈടാക്കിയ ഫീസ്.
5. പൂർത്തീകരിച്ച കെട്ടിടങ്ങളുടെ അസസ്സ്മെന്റ് നമ്പർ.
6. ധാരാളം അപേക്ഷകളിന്മേൽ നടപടികൾ ഒന്നും എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം 23/15-12-2016 മറുപടി ലഭ്യമാക്കിയിട്ടുണ്ട് മേൽ വിവരങ്ങൾ കൃത്യമായി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും ആകെ ലഭ്യമായ അപേക്ഷകൾ, അനുവദിച്ച പെർമിറ്റുകളുടെ എണ്ണം, പെർമിറ്റ് കാലാവധി കഴിയുന്നതിനു മുൻപ് കാലാവധി നീട്ടുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം,കാലാവധി കഴിഞ്ഞ് പെർമിറ്റ് പുതുക്കിയ അപേക്ഷകളുടെ എണ്ണം, അനധികൃത നിർമ്മാണം എന്നീ വിവരങ്ങളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ക്രമവൽക്കരിക്കാത്ത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റിയതിന്റെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ക്രമവൽക്കരിച്ച വിവരം Appendix-j form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗ് - 49804 രൂപ അധികം നൽകി

അസി.എൻജിനീയർ നിർഹണോദ്യോഗസ്ഥനായ, മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവർത്തിയിൽ അധികതുക നൽകിയതായി കാണുന്നു. ഡി.എസ്.ആർ കോഡ് 11.7 പ്രകാരമുള്ള , കെട്ടിടങ്ങളുടെ ഫ്ളോറിംഗ്ചെയ്യുന്നതിനുള്ളനിരക്കാണ് റോഡ് കോൺക്രീറ്റിംഗിന് നൽകിയിരിക്കുന്നത്. 1:4:8 അനുപാതത്തിൽ 40 mmമെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് മുകളിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഡി.എസ്.ആർ കോഡ് 4.1.8 പ്രകാരമാണ് 1:4:8 ലുള്ള കോൺക്രീറ്റിന് നിരക്ക് കണക്കാക്കിയത്. എന്നാൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവർത്തിയുടെ നിരക്ക് ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം 11.7 ലെ നിരക്ക് നൽകിയതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. നൽകിയ തുകയുടെയും നൽകാവുന്ന തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

4.1.3 പ്രകാരം നൽകാവുന്നത്

1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size)

| Code | Description | unit | qty | rate | amount |
|---|---|---|---|---|---|
| Details of cost for 1 cum | | | | | |
| MATERIAL | | | | | |
| 0295 | Stone Aggregate (Single size) : 20 mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single size) : 10 mm nominal size | cum | .220 | 1175.00 | 258.50 |
| 2202 | Carriage of stone aggregate below 40 mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (zone III) | cum | 0.445 | 1200.00 | 534.0 |
| 2203 | Carriage of coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland<br>Cement (0.2225 cum) | tonne | 0.320 | 6300.00 | 2016.00 |
| 2209 | Carriage of cement | tonne | 0.320 | 94.65 | 30.29 |
| LABOUR | | | | | |
| 0155 | Mason (average) | day | 0.100 | 417.00 | 41.70 |
| 0114 | Beldar | day | 1.630 | 329.00 | 536.27 |
| 0101 | Bhisti | day | 0.700 | 363.00 | 254.10 |
| 0002 | Hire charges of Concrete Mixer 0.25 to 0.40 cum with Hopper | day | 0.70 | 800.00 | 56.00 |
| 0012 | Vibrator (Needle type 40 mm) | day | 0.70 | 350.00 | 24.50 |
| 9999 | Sundries L.S | | 14.300 | 1.78 | 25.45 |

| | |
|---|---|
| TOTAL | 4706.23 |
| Add Water Charges @ 1% | 47.06 |
| TOTAL | 4753.29 |

11.7 പ്രകാരം നൽകിയത്

1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size)

| Code | Description | unit | qty | rate | amount |
|---|---|---|---|---|---|
| MATERIAL( Details of cost for 1 cum) | | | | | |
| 0295 | Stone Aggregate (Single size) : 20 mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single size) : 10 mm nominal size | cum | 0.220 | 1175.00 | 258.50 |
| 2202 | Carriage of stone aggregate below 40 mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand (zone III) | cum | 0.445 | 1200.00 | 534.0 |
| 2203 | Carriage of coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300.00 | 2016.00 |
| 2209 | Carriage of cement | tonne | 0.320 | 94.65 | 30.29 |
| LABOUR | | | | | |
| 0155 | Mason (average) | day | 0.100 | 417.00 | 41.70 |
| 0114 | Beldar | day | 1.630 | 329.00 | 536.27 |
| 0101 | Bhisti | day | 0.700 | 363.00 | 254.10 |
| 0002 | Hire charges of Concrete Mixer 0.25 to 0.40 cum with Hopper | day | 0.70 | 800.00 | 56.00 |
| 0012 | Vibrator (Needle type 40 mm) | day | 0.70 | 350.00 | 24.50 |
| 9999 | Sundries L.S | | 14.300 | 1.78 | 25.45 |
| TOTAL | | | | | 4706.23 |
| Add Water Charges @ 1% | | | | | 47.06 |
| TOTAL | | | | | 4753.29 |

Cement concrete pavement with 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size) including finishing complete.

Rate as per CPWD rate analysis without CP 4753.29 A

Extra labour for laying in floors etc.

| | | | | | |
|---|---|---|---|---|---|
| 0124 | mason(brick works) 2nd class | day | 0.350 | 399 | 139.65 |
| 0144 | Belder | day | 0.180 | 329 | 59.22 |
| 0101 | Bhisti | day | 0.050 | 363 | 18.15 |
| 0999 | sundries | L,S | 19.760 | 1.78 | 35.17 |
| Total | | | | | 5005.48 |
| Add water charges except on A | | | | | 2.52 |
| TOTAL | | | | | 5008 |

(cost index 2015 വർഷം 1.3048 & cost index 2016വർഷം 1.3619 എന്നിങ്ങനെയാണ് കണക്കിലെടുത്തിട്ടുള്ളത്. ആയതിനാൽ ക്രമ നം. 1&2 ന് 4753.29x1.3619=6473.51 നിരക്കിലും മറ്റുള്ളവക്ക് 4753.29x1.3048=6202.09 രൂപ നിരക്കിലുമാണ് നൽകാവുന്നത്)

അധിക തുക നൽകിയതിൻറെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതിയുടെ വിവരം | 1;2:4 അനുപാതത്തിൽ ചെയ്ത പ്രവർത്തിയും നൽകിയ തുകയും | DSR 4.1.3 പ്രകാരം നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | വാരിയത്ത് മാട് SC കോളനി റോഡ് S0138/16<br>വി.ഫണ്ട് -495000<br>കൺവീനർ-മോഹൻദാസ് വാരിയത്ത്<br>ബിൽ നം.33/18.3.16-<br>495000<br>m.b.no.342/14-15 | 31.089m3x6820.40/m3=212039.41 | 31.089m3x6473.51=201254.95 | 10784.46 |
| 2 | ചനക്കലങ്ങാടി ഇരുമ്പോത്തിങ്ങൽ റോഡ് സൈഡ് കോൺക്രീറ്റ്<br>S0142/16<br>മെയിൻറ.ഫണ്ട്-300000<br>ബിൽ നം.22A /18.3.16-<br>300000<br>കൺവീനർ-മുഹമ്മദ് ഹനീഫ.പിm.b.no.354/14-15 | 19.95m3x6820.40/m3=136066.98 | 19.95m3x6473.51=129146.52 | 6920.46 |
| 3 | loc ചപ്പപ്പാറ റോഡ് സൈഡ് കോൺക്രീറ്റ് | 37.419 m3x6534.45/m3=244512.58 | 37.419m3x6202.09/m3=232076 | 12436.58 |

| | | | | |
|---|---|---|---|---|
| | ട0113/16<br>വികസന.ഫണ്ട്-495000<br>ബിൽ നം.21 /21.12.15<br>495000<br>കൺവീനർ-ഗോപാലൻm.b.no.347/14-15 | | | |
| 4 | പാറമ്മൽ പട്ടായിപ്പാടം റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം<br>ട0112/16<br>വികസന.ഫണ്ട്-495000<br>ബിൽ നം.19/15..12.15<br>495000<br>കൺവീനർ-മുജീബ് m.b.no.339/14-15 | 30.010m3x6534.45/m3=196098.84 | 30.010m3x6202.09/m3=186124.72 | 9974.12 |
| 5 | ചപ്പ പ്പാറ ശ്മശാനംറോഡ് സൈഡ് കോൺക്രീറ്റ്<br>ട0115/16<br>വികസന.ഫണ്ട്-41700<br>ബിൽ നം.22/15.12.15-<br>41700<br>കൺവീനർ-മുഹമ്മദ്ഹനീഫ m.b.no.346/14-15 | 3.15m3x6531.45/m3=20573.12 | 3.15m3x6202.09m3=19536.58 | 1036.54 |
| 6 | പാറയിൽ ശ്മശാനംറോഡ് കോൺക്രീറ്റ്<br>ട0116/16<br>വികസന.ഫണ്ട്-494300<br>ബിൽ നം.20/15.12.15-<br>494300<br>കൺവീനർ-ഗോപാലൻ m.b.no.350/14-15 | 26.032m3x6534.45/m3=170104.8 | 26.032m3x6202.09/m3=161452.81 | 8651.99 |

ആകെ 49804.15

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/8.12.16 ന് ഡി.എസ്.ആറിൽ കോൺക്രീറ്റ് പേവ്മെൻറ് എന്ന പേരിൽ ഐറ്റം ഉള്ളതുകൊണ്ടാണ് ഇത് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും 11.7 ഉൾപ്പെടുത്തെരുതെന്ന് നിർദ്ദേശം ലഭിച്ചിരുന്നില്ല എന്നുമാണ് അസി.എൻജിനീയർ മറുപടി ഹാജരാക്കിയത്. ഡി.എസ്.ആറിൽ 11.7 കോൺക്രീറ്റിംഗിന് നൽകാവുന്ന തായി പറഞ്ഞിട്ടില്ലാത്തതിനാലും റോഡ് കോൺക്രീറ്റിന് Floor concrete പോലെ ഫിനിഷിന് ആവശ്യമില്ലാത്തതിനാലും ടി മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല.

അധികം നൽകിയ 49804 രൂപ ഉത്തരവാദിയായ അസി.എൻജിനീയർ, സാങ്കേതികാനുമതി നൽകി ചെക്ക്മെഷർ ചെയ്ത അസി. എക്സി.എൻജിനീയർ എന്നിവരിൽ നിന്ന് ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതാണ്.

## 3-2 ആശ്രയ പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങൾക്കു വേണ്ടിയുള്ള ഒന്നാം ഘട്ട ആശ്രയപദ്ധതി 2006-2010 കാലയളവിൽ നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 157 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ.വിവിധ സ്രോതസ്സുകളിൽ നിന്ന് 7362720 രൂപയാണ് വകയിരുത്തിയത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| സേവനഇനങ്ങൾ | വകയിരുത്തിയതുക | ലഭിച്ച തുക | ചെലവഴിച്ച തുക | ഗുണ. എണ്ണം | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| ഭക്ഷണം | 828000 | 1000000 | 808830 | 115 | 115 |
| ചികിത്സ | 1410080 | | -- | 116 | - |
| വസ്ത്രം | 108500 | | --- | 31 | - |
| വിദ്യാഭ്യാസം | 294000 | | - | 56 | - |
| ഭൂമി | 419250 | 1923965 2923965 | 195000 | 20 | 10 |
| വീട് | 2878750 | | 1590000 | 47 | 28 |
| കുടിവെള്ളം | 579750 | | 90000 | 33 | 12 |
| സ്വയംതൊഴിൽ | 193500 | | 7500 | 24 | 1 |
| ഡോക്യുമെൻറേഷൻ | 25000 | | | | |
| പെൻഷൻ | 64640 | | - | 7 | - |
| കക്കൂസ് | 221000 | | 4000 | 13 | 2 |
| റിപ്പയർ | 60000 | | 25000 | 8 | 5 |
| വൈദ്യുതി | 5250 | | 1000 | 3 | 1 |
| മറ്റുള്ളവ | 275000 | | - | -- | - |
| ആകെ | 7362720 | | 2721330 | | |

പ്രൊജക്ട് പ്രകാരം 20 ഗുണഭോക്താക്കൾ ക്ക് സ്ഥലം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും 10

പേർക്ക് മാത്രമാണ്സ്ഥലം വാങ്ങി നൽകാൻ കഴിഞ്ഞത്. 47പേർ ക്ക് ഭവനനിർമ്മാണത്തിന് സഹായം നല്കാൻ ലക്ഷ്യമ്ട്ടിരുന്നുവെങ്കിലും കേവലം 28 പേർ ക്ക് മാത്രമാണ് സഹായം നല്കാൻ കഴിഞ്ഞിട്ടുള്ളൂ,8 പേർക്ക് വീട് പുനരുദ്ധാരണത്തിന് സഹായം നല്കാൻ പ്രൊജക്ട് തയ്യാറാക്കിയെങ്കിലും 5 പേർക്ക് മാത്രമാണ് സഹായം നൽകാൻ കഴിഞ്ഞത്. കുടിവെള്ളം ആവശ്യമായ 33 കുടുംബങ്ങൾ ഉണ്ടെങ്കിലും 12 കുടുംബങ്ങൾക്ക് മാത്രമാണ് സഹായം നൽകിയിട്ടുള്ളത്. ചികിത്സ, വിദ്യാഭ്യാസം, വസ്ത്രം എന്നീ ആനുകൂല്യങ്ങൾ ആർക്കും തന്നെ നൽകിയിട്ടില്ല. ആകെ വകയിരുത്തിയ തുകയുടെ 36.96 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. -

ജി.ഒ.(എം.എസ്)നം.362/13 ത.സ്വ.ഭ.വ. തീയതി 16.11.13 ലെ അനുബന്ധം 14 ൽ ആശ്രയ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കേണ്ടതെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും പ്രൊജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. അന്നപൂർണ്ണ പദ്ധതി, അന്ത്യോദയ പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കണമെന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 2014-15 കാലയളവു വരെ ഭക്ഷണകിറ്റ് നൽകുകയാണ് ചെയ്തത്. അഗതികുടുംബങ്ങളുടെ ഭവനനിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് വീടുണ്ടാക്കുന്നതിന് ഗഡുക്കളായി ധനസഹായം നൽകുകയാണ് ചെയ്തിട്ടുള്ളത്.

ആശ്രയ പദ്ധതിക്കായി 2015-16 ൽ 470000 രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല . ചലഞ്ച് ഫണ്ട് ഉൾപ്പെടെയുള്ള 351840 രൂപ 31.3.15 ൽ തേഞ്ഞിപ്പാലം സർവീസ് കോ-ഓപ്പ. ബാങ്കിൽ (അക്കൗണ്ട്

നം.7377)നീക്കിയിരിപ്പുണ്ടായിട്ടു പോലും 2015-16 ൽ ഭക്ഷണത്തിനായി ഒരു രൂപ പോലും ചെലവഴിക്കാത്തത് ആശ്രയ ഗുണഭോക്താക്കളോടുള്ള പഞ്ചായത്തിൻെറ നിരുത്തരവാദപരമായ സമീപനത്തിൻെറ തെളിവാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ആശ്രയഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉണ്ടാക്കിക്കൊടുക്കുന്നതിന് തയ്യാറാക്കിയ ആശ്രയപ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നു മാത്രമല്ല, വകയിരുത്തുന്ന തുക പോലും ചെലവഴിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്.ഈ സാഹചര്യത്തിൽ സത്വരനടപടികൾ കൈക്കൊണ്ട് ആശ്രയഗുണഭോക്താക്കൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ മാർഗരേഖ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 2015-16 ൽ ഏറ്റെടുത്തു നടത്തിയത് 49 പ്രവൃത്തികളാണ് അവയെല്ലാം തന്നെ ഗുണഭോക്തൃ സമിതി കൺവീനർമാരാണ് നിർവഹിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗരേഖയിലും പൊതുമരാമത്ത് ചട്ടങ്ങളിലും നിർദ്ദേശിച്ച പ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നുംതന്നെ ഗുണഭോക്തൃ സമിതി വഴി നിർവഹണം നടത്തിയ പ്രവൃത്തികൾ പാലിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമായിരിക്കണമെന്ന ഉദ്ദേശ്യത്തോടെയുള്ള മേൽ മാർഗരേഖ പാലിക്കാതെ പ്രവൃത്തികൾ നടത്തിയത് ക്രമത്തിലല്ല.

1. ഗുണഭോക്തൃ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും 30 % സ്ത്രീകളായിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

2. പണമിടപാട് ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല. കൺവീനറും ചെയർമാനും ചേർന്ന് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല. അതുകൊണ്ട് തന്നെ വരവ് ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴിയല്ല.

3.മസ്റ്റർ റോളിൽ പൂർണവിവരമില്ല, നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല

4. പ്രവൃത്തിക്കാവശ്യമായ നിർമാണ സാമഗ്രികൾ ഗുണനിലവാരവും വിലയും പരിശോധിച്ച് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണം എന്നിരിക്കെ മണൽ, മെറ്റൽ , എം സാന്റ് എന്നിവക്ക് വെള്ള പേപ്പറിലെ കൈപറ്റ രസീതികളാണ് ഹാജരാക്കിയത്. സിമന്റ്, എം സാന്റ് എന്നിവക്ക് വാറ്റ് അടക്കമുള്ള ബില്ലില്ല. ടാർ വാങ്ങിയതിനും വെള്ളപേപ്പറിൽ എഴുതിയ കൈപറ്റ രസീതികളാണ് സൂക്ഷിച്ചിട്ടുള്ളത്. അംഗീകൃത ബിൽ ഹാജരാക്കിയില്ല.

5. കൺവീനർ ദൈനംദിന ഡയറി സൂക്ഷിക്കുന്നില്ല

6. പൂർത്തീകരണ റിപ്പോർട്ടില്ല.

7.നിർമാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കി ജനപങ്കാളിത്തത്തോടെ സുതാര്യവും ഗുണനിലവാരം ഉയർന്നതും ചെലവു ചുരുങ്ങിയതുമായ മരാമത്ത് പ്രവൃത്തി ചെയ്യുന്നതിനാണ് സർക്കാർ ഗുണഭോക്തൃ സമിതി വഴിയുള്ള നിർവഹണം പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഇവയെല്ലാം പാടെ അവഗണിക്കുന്ന തരത്തിലാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാരനടപടികൾ സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ നിർവഹണം നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാ.പ.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| തുക | പ്രൊജക്ട് | ഫണ്ട് | വൗച്ചർനമ്പർ/തീ: |
|---|---|---|---|
| 4,00,000 | IAY(Gl)അധിക ധനസഹായം | Plan(Gl) | 21500551/20-10-15 |
| 1,05,403 | -ടി- | -ടി- | 21500996/31-3-16 |
| 2,62,000 | Waterline extention | MG(NR) | 21500931/23-3-16 |
| 10,000 | Performance Unit-ന് ധനസഹായം | തനത് ഫണ്ട് | 21500528/15-10-15 |
| 2,60,000 | IAY(SC) അധിക ധനസഹായം | Plan(SC) | ------ |
| ആകെ = 10,37,403 രൂപ | | | |

ചെലവ് തുക തടസ്സം ചെയ്യുന്നു

## 3-5 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ജില്ലാ പഞ്ചായത്ത് ഫണ്ടു വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രൊജക്ട് നം-S0 009/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്ററർ

അടങ്കൽ തുക - 3,00,000/-(വികസന ഫണ്ട് )

2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്-3,00,000/-(വികസന ഫണ്ട് ഫണ്ട്)

ബിൽ നമ്പർ 01/2015-16 തീയ്യതി 02.03.2016: 3,00,000/-

സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിൽ ഗ്രാമ-ജില്ലാ-ബ്ലോക്ക്പഞ്ചായത്തുകൾ യഥാക്രമം50:25:25 ഫണ്ടുവിഹിതം ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ പ്രസ്തുതപ്രോജക്ടിൽ ബ്ലോക്ക്പഞ്ചായത്തു വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിഹിതം മാത്രമാണമാണ് ചെലവഴിച്ചിട്ടുള്ളത്.

ആയതിനാൽ ഭാവിയിൽ ടി പ്രോജക്ടിൽഗ്രാമ-ജില്ലാ- ബ്ലോക്ക്പഞ്ചായത്തുകളുടെ ഫണ്ടു വിഹിതം ഉൾപ്പെടുത്തേണ്ടതും കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം14/14-12-2016)നൽകിയിട്ടുണ്ട്.15.12 2016ന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതം നേരിട്ട് ചെലവഴിച്ചതാണെന്നും അടുത്ത വർഷം മുതൽ ജില്ലാ- ബ്ലോക്ക്പഞ്ചായത്തുകളുടെ വിഹിതംകൂടി ഉൾപ്പെടുത്തി പ്രോജക്ട് ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്

## 3-6 THRS ഭക്ഷ്യ മിശ്രിതം ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO10/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ICDS സൂപ്പർവൈസർ |
| അടങ്കൽ തുക<br>ആകെ | :<br>:<br>: | ₹10,00,000/- (വികസന ഫണ്ട്)<br>₹15,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹5,00,000/- (തനതുഫണ്ട്)<br>₹30,00,000/- |
| ചെലവഴിച്ചത്<br>ആകെ | :<br>:<br>:<br>: | ₹10,00,000/- (വികസന ഫണ്ട്)<br>₹11,09,893/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹5,00,000/- (തനതുഫണ്ട്)<br>₹26,09,893/- |

തേഞ്ഞിപ്പലം പഞ്ചായത്തിലെ അംഗനവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി കൈരളി ന്യൂട്രിമിക്സ് യൂണിററ്, വള്ളിക്കുന്ന് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തീയ്യതി | തൂക്കം (കി.ഗ്രാം.) | തുക-ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ |
|---|---|---|

| | | |
|---|---|---|
| 227/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 1020 | ₹57,630/- |
| 226/09.4.15 | 1265 | ₹71,472/- |
| 229/09.06.15 | 1160 | ₹65,540/- |
| 231/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 1070 | ₹60,455/- |
| 234/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 1255 | ₹70,907/- |
| 235/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 50 | ₹2825/- |
| 236/തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 1223 | ₹69,099/- |
| 238/30.10.15 | 1200 | ₹67,800/- |
| 240/16.12.15 | 1345 | ₹75,992/- |
| 248/19.1.2016 | 1635 | ₹92,377/- |
| 246/18.22016 | 1477 | ₹83,450/- |
| 250/16.3.2016 | 1600 | ₹90,400/- |
| ആകെ | 14,300 | ₹8,07,947/- |

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തീയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ കൈരളി ന്യൂട്രി മിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ അപാകത ഓഡിറ്റ് എൻക്വയറി (3/8.12.2016) പ്രകാരം അറിയിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ 14.12.2016ന് ലഭ്യമാക്കിയ മറുപടിയിൽ ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടികൾസ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 3-7 പരിരക്ഷ-മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO012/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ തുക<br>ആകെ | : | ₹2,00,000/- (വികസനഫണ്ട്)<br>₹2,00,000/- (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>₹2,00,000/- (മെയിൻറൻസ് ഫണ്ട്(NR)<br>₹6,00,000/ |
| ചെലവഴിച്ചത്<br>ആകെ | : | -₹2,00,000/- (വികസനഫണ്ട്)<br>₹2,00,000/- (മെയിൻറൻസ് ഫണ്ട്(NR)<br>₹4,00,000/ |

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ പരിരക്ഷ പ്രോജക്ടിൽ കേരള മെഡിക്കൽസർവ്വീസസ് കോർപ്പറേഷൻ ലി. എന്ന സ്ഥാപനത്തിൽ നിന്നും താഴെപറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം&തീയതി | തുക | ഡി.ഡി.നം& തീയതി |
|---|---|---|
| 09/15-16 30.3.2016 | ₹81,287/ | 728012/04.04.2016 |
| 10/15-16 30.3.2016 | ₹20446/ | 728009/04,04,2016 |
| ആകെ | ₹1,01,733/ | |

ടി സ്ഥാപനത്തിന് 1,01,733/-രൂപയുടെ ഡി.ഡി നല്കിയിട്ടുണ്ടെങ്കിലും 45,558/രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.പ്രസ്തുത അപാകത ഓഡിററ്എൻക്വയറി നം.13/14.12.2016പ്രകാരം അറിയിച്ചുണ്ട്.15.12.2016ന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനം ഘട്ടം ഘട്ടംമായാണ് മരുന്നുകൾ ലഭ്യമാക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്.

ശേഷിച്ചിട്ടുള്ള 56,175/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 56,175/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

## 3-8 പരിരക്ഷ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO012/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ തുക<br>ആകെ | : | ₹2,00,000/- (വികസനഫണ്ട്)<br>₹2,00,000/- (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>₹2,00,000/- (മെയിൻറൻസ് ഫണ്ട്(NR)<br>₹6,00,000/ |
| ചെലവഴിച്ചത്<br>ആകെ | : | -₹2,00,000/- (വികസനഫണ്ട്)<br>₹2,00,000/- (മെയിൻറൻസ് ഫണ്ട്(NR)<br>₹4,00,000/ |

പരിരക്ഷ-അവശരും നിരാലംബരുമായ രോഗികൾക്ക് ചികിത്സ എന്ന പ്രോജക്ടിൽ ചെലവുനടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് നം ജി.ഒ(ആർ.ടി)3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക(പരമാവധി 3പേർക്ക്) ഭക്ഷണച്ചെലവ് ഒരാൾക്ക് പരമാവധി60/-രൂപ പ്രോജക്ടിൽ വകയിരുത്താവുന്നതാണ്. എന്നാൽ ടി പ്രോജക്ടിൽ 02.11.2015മുതൽ 30.3.2016 വരെ ഭക്ഷണച്ചെലവ് 180/-രൂപയിൽ അധികരിക്കുകയും ആകെ 10180 രൂപ അധികം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1. ബിൽ നം.5/15-16 തീയതീ 14.12.2015 :31,826/-

| തീയ്യതി | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| 2.11.2015 | 350 | 180 | 170 |
| 4.11.2015 | 350 | 180 | 170 |
| 11.11.2015 | 350 | 180 | 170 |
| 13.11.2015 | 450 | 180 | 270 |
| 16.11.2015 | 350 | 180 | 170 |

| | | | |
|---|---|---|---|
| 18.11.2015 | 450 | 180 | 270 |
| 21.11.2015 | 450 | 180 | 270 |
| 23.11.2015 | 450 | 180 | 270 |
| 25.11.2015 | 450 | 180 | 270 |
| 28.11.2015 | 450 | 180 | 270 |
| 30.11.2015 | 450 | 180 | 270 |
| | | ആകെ | 2570 |

2. ബിൽ നം.06/15-16:തീയതി:23.1.2016:27,958/-

| തീയ്യതി | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| 5.12.2015 | 450 | 180 | 270 |
| 7.12.2015 | 400 | 180 | 220 |
| 15.12.2015 | 400 | 180 | 220 |
| 16.12.2015 | 300 | 180 | 120 |
| 21.12.2015 | 400 | 180 | 220 |
| 23.12.2015 | 400 | 180 | 220 |
| 26.12.2015 | 300 | 180 | 120 |
| 28.12.2015 | 300 | 180 | 120 |
| 3012.2015 | 400 | 180 | 220 |
| | | ആകെ | 1730 |

3.ബിൽ നം 07/15-16 തീയതി:15.3.2016:24,414/-

| തീയ്യതി | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| 5.1.2016 | 350 | 180 | 170 |
| 6.1.2016 | 350 | 180 | 170 |
| 11.1.2016 | 400 | 180 | 220 |
| 13.1.2016 | 400 | 180 | 220 |
| 20.1.2016 | 400 | 180 | 220 |
| 27.1.2016 | 400 | 180 | 220 |
| 28.1.2016 | 400 | 180 | 220 |
| 29.1.2016 | 400 | 180 | 220 |
| | | ആകെ | 1660 |

4.ബിൽ നം08/15-16തീയതി:28.7.2016:52,263/-

| തീയ്യതി | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| 1.2.2016 | 400 | 180 | 220 |

| | | | |
|---|---|---|---|
| 3.2.2016 | 400 | 180 | 220 |
| 6.2.2016 | 300 | 180 | 120 |
| 8.2.2016 | 300 | 180 | 120 |
| 10.2.2016 | 400 | 180 | 220 |
| 12.2.2016 | 400 | 180 | 220 |
| 15.2.2016 | 450 | 180 | 270 |
| 20.2.2016 | 450 | 180 | 270 |
| 22.2.2016 | 400 | 180 | 220 |
| 27.2.2016 | 400 | 180 | 220 |
| 29.2.2016 | 400 | 180 | 220 |
| 5.3.2016 | 300 | 180 | 120 |
| 9.3.2016 | 400 | 180 | 220 |
| 14.3.2016 | 400 | 180 | 220 |
| 15.3.2016 | 350 | 180 | 170 |
| 16.3.2016 | 350 | 180 | 170 |
| 19.3.2016 | 400 | 180 | 220 |
| 21.3.2016 | 400 | 180 | 220 |
| 26.3.2016 | 350 | 180 | 170 |
| 28.3.2016 | 400 | 180 | 220 |
| 30.3.2016 | 350 | 180 | 170 |
| | | ആകെ | 4220 |

ഒട്ടാകെ 10180/-

പ്രസ്തുത അപാകത ഓഡിററ് എൻക്വയറി നം13/14.12.2016 പ്രകാരം അറിയിച്ചിട്ടുണ്ട്.ഇപ്പോൾ പരമാവധി 180/-രൂപയാണ് നല്കി വരുന്നതെന്ന് 15.12.2016ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2.മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള എല്ലാ പ്രോജക്ടുകളുടെയും2015-16 വർഷത്തെ ചെലവുവിവരങ്ങൾ TR 7A കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3.കരാറടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചത് ക്രമപ്രകാരമല്ല.

പരിരക്ഷ പ്രോജക്ടിൽ പഞ്ചായത്ത് തീരുമാനം(9)തീയി 24.8.2015 പ്രകാരം ശ്രീ. അശോകൻ. പി. യെ കരാറടിസ്ഥാനത്തിൽ ഒരു വർഷക്കാലത്തേക്ക് പ്രതിമാസം 9000/- രൂപ നിരക്കിൽ ഡ്രൈവറായി നിയമിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഡ്രൈവറുടെ വേതനം ദിവസ വേതനാടിസ്ഥാനത്തിലാണ് നല്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടിയാളുടെ നിയമനം ക്രമപ്രകാരമല്ല. പ്രസ്തുത അപാകത ഓഡിററ് എൻക്വയറി 18/15.12.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-9 ഭവനനിർമ്മാണം തറ വിസ്തീർണ്ണം പരിധി അധികരിച്ചത്-തുക തിരിച്ചടച്ചിട്ടില്ല.

പ്രോജക്റ്റ് നം.93/15

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

1. ബിൽനം.01/14-15 തീയതി:17.12.2014:₹12,50,000/-

2.ട്രഷറി ചെക്ക്നം .55702/ 31.3.2015:₹10,40,000/-

3.ട്രഷറി ചെക്ക് നം.3966386/28.12.2015:₹5,00,000/-

2014-15 വർഷം ഭവന നിർമ്മാണം പ്രോജക്ടിൽ ഷീജ ചീനിക്കനാരി, മനാട്ട് ഹൌസ്, തേഞ്ഞിപ്പലം എന്നയാൾക്ക് 3 ഗഡു ധനസഹായം നല്കിയിട്ടുണ്ട്.(1,50,000/-രൂപ).ബിൽഡിംഗ് പെർമിററ് പ്രകാരം 72m2 തറവിസ്തീർണ്ണം ഉണ്ടെങ്കിലും അനുവദീനമായ പരിധി 66m2ൽ പ്രവർത്തി നടത്താമെന്ന് ടിയാൻ എഴുതി നല്കിയിട്ടുണ്ട്.എന്നാൽ ടിയാൻ 66m2ൽ കൂടുതൽ നിർമ്മാണപ്രവർത്തി നടത്തുകയും കരാർ ലംഘിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാൽ തുടർ ധനസഹായം നൽകിയില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ ലംഘിച്ച നിർമ്മാണം നടത്തിയ ടിയാൾക്ക് അനുവദിച്ച തുക 1,50,000/-രൂപ തിരിച്ച പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഓഡിററ് എൻക്വയറി നം 19/16.12.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. തുക തിരിച്ച പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-10 ഭവന നിർമ്മാണം-പണി പൂർത്തികരിച്ചിട്ടില്ല.

പ്രോജക്റ്റ് നം.93/15

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ

താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തുക |
|---|---|---|
| 1 | സരോജാദേവി ,പടിഞ്ഞാറേചോറാഞ്ചേരി വടക്കേപുരക്കൽ | ₹1,00,000/ |
| 2 | മഞ്ജുള കുമ്മച്ചേരി | ₹1,50,000/ |
| 3 | പുഷ്പ.പി,പിള്ളാട്ട് | ₹1,50,000/ |
| 4 | സരോജിനി കട്ടമ്പലത്ത് | ₹1,50,000/ |
| 5 | സിന്ധു എ,പാലേരി മംഗലം | ₹1,50,000/ |
| 6 | ശ്രീജ.പി.സി,കല്ലുങ്ങൽ | ₹1,50,000/ |
| 7 | ബുഷ്റ പെരിഞ്ഞീരി,പരിയാരത്ത് | ₹1,50,000/ |
| 8 | ഉഷ,പൂളക്കൽ | ₹1,50,000/ |
| 9 | അമരാവതി.വി,ശ്രീജസദൻ,കണ്ണക്കാം തൊടി. | ₹1,50,000/ |
| 10 | വിജയലക്ഷ്മി.പി. പഴിക്കടക്കണ്ടി | ₹1,50,000/ |
| 11 | റംലത്ത്അല്ലിപ്ര,അരീക്കര കോലോത്ത് | ₹1,50,000/ |
| 12 | കദീജകെ.ടി പൊയ്യിലീപാടം | ₹1,50,000/ |
| 13 | ഗീത,ചെറാടത്ത് | ₹1,50,000/ |
| 14 | രജിത ചെറായ് | ₹1,50,000/ |
| 15 | സിന്ധു ടി,ചെറോട്ടിൽ | ₹1,50,000/ |
| 16 | ഷരീജകോഴിശ്ശേരി | ₹1,50,000/ |

| | | |
|---|---|---|
| 17 | അജിത,ചെമ്പ്രക്കുഴി | ₹1,00,000/ |
| 18 | ജാനകി,ചേലക്കാട്ട് | ₹1,50,000/ |
| 19 | ജീജ.യു.,പരുത്തിയിൽ | ₹1,50,000/ |
| 20 | മിനിമോൾ.കെ.ജി,മേലേപാച്ചീരി | ₹1,00,000/ |
| 21 | ആമിനാബീവി,പാലമഠത്തിൽ | ₹1,50,000/ |
| 22 | സൈഫുന്നീസ പാലക്കൽപിള്ളാട്ട് | ₹50,000/ |
| 23 | ഷാഹിന.കെ.എം,കള്ളിയിൽ | ₹1,50,000/ |
| 24 | ബിന്ദു.ജി.പി.കുണ്ടിൽതൊടി | ₹1,00,000/ |
| 25 | ലിബി.കെ | ₹1,50,000/ |
| 26 | കാളാടൻമീനാകുമാരി,തൈക്കുട്ടത്തിൽ | ₹1,50,000/ |
| 27 | ഷിജി കമ്മിൽകേളനാരി | 50,000/ |
| 28 | സജ്ന കണ്ണപ്പൂംതൊടി | ₹1,50,000/ |
| 29 | റീന.വി.പി.വാരിയംമാട് | ₹1,00,000/ |
| 30 | ജാനു എന്ന ജാനകി,പട്ടയാട്ടിൽ | ₹1,50,000/ |
| 31 | പുതിയേടത്ത് കണ്ണച്ചറാമ്പത്ത് പുഷ്പവല്ലി | ₹1,50,000/ |
| 32 | തങ്കമണി,പാലക്കുററിപാടംപാലക്കാട്ട് | ₹1,50,000/ |
| 33 | ജമീല മേക്കാട്ട്മലയിൽ | ₹1,00,000/ |
| 34 | ഹാജറചെമ്പൻ,പുറക്കാട്ട് | ₹1,50,000/ |
| 35 | സുനില തച്ചാട്ട് | ₹1,50,000/ |
| 36 | സഫിയ,പെരിയാംതെററി | ₹1,00,000/ |
| 37 | ഇന്ദിര,കിഴക്കേപുരക്കൽ | ₹50,000/ |
| 38 | ഷീബ,പി.ശ്രീനിലയം | ₹1,50,000/ |
| 39 | ആമിനത്ത്നാസിയ.കെ.പി.അത്തിക്കൺകാട്ടിരി | ₹1,50,000/ |
| 40 | സുലൈഖ നമ്പംകുന്നത്ത് | ₹1,50,000/ |
| 41 | കാട്ടുങ്ങൽ ഹസീന | ₹1,50,000/ |
| 42 | പാത്തെയ്.മൂച്ചിക്കൽ | ₹1,00,000/ |
| 43 | ബേബി.പി.മുണ്ടകളപ്പിൽ | ₹1,50,000/ |
| 44 | മിനി.പി | ₹1,50,000/ |

ll. ഭവനനിർമ്മാണം (ജനറൽ) 2015-16

പ്രോജക്റ്റ് നം48/16

അടങ്കൽതുക; ₹20,00,000/(തനത് ഫണ്ട്)

ചെലവ്:₹7,50,000/

| | | |
|---|---|---|
| 1 | ജിഷിത.പി,വീക്കഞ്ചേരി | ₹1,00,000/ |
| 2 | ദിവ്യ.എൻ,മാക്കയിൽ പിള്ളാട്ട് | ₹1,50,000/ |

| | | |
|---|---|---|
| 3 | ലജിക,എളയഞ്ചേരി കാവുതിരി | ₹1,50,000/ |
| 4 | റീബ,കൊട്ടിയാടൻ | ₹1,00,000/ |
| 5 | രജില.പി,മേപ്പിനാളിൽ | ₹50,000/ |
| 6 | നിഷ.കെ.പി | ₹1,00,000/ |

മേല്പറഞ്ഞ പ്രോക്ടുകളിലെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 അംഗൻവാടികളിലെ ഭൌതിക സൌകര്യങ്ങളുടെ അപര്യാപ്തത

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ ആകെ 29 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 24 എണ്ണത്തിനാണ്. വാടക കെട്ടിടത്തിൽ 4 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്യാസ്, കുടിവെള്ളം എന്നീ സൌകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 21, 20 എന്നിങ്ങനെയാണ്.ഒരു അംഗനവാടിയിലും വൈദ്യുതി കണക്ഷൻ ഇല്ല.24 അംഗനവാടികളിൽ സോളാർസിസ്ററം സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒന്നും പ്രവർത്തനക്ഷമമല്ല.നിരവധി തവണ പഞ്ചായത്തിൽ അറിയിച്ചിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ചുറ്റുമതിലുള്ള അംഗൻവാടികൾ 11 എണ്ണം മാത്രമാണ്. ഒരു അംഗൻവാടിയിൽ മാത്രമാണ് ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഉള്ളത്.

ഗവൺമെന്റ സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും. പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്തിലെ 4 അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല.

ആയതിനാൽ അംഗൻവാടികളുടെ ഭൌതികസൌകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4- വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി
ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതുപരാമർശം | കൊയ്ത്തുമെതിയന്ത്രം-പദ്ധതി ലക്ഷ്യം നേടിയില്ല | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,32,34,961 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,46,72,619 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 48,861 രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49,804 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,93,578 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1<br>2-2 | 1,870<br>750 | | ശ്രീ അബു ഫൈസൽ,സെക്രട്ടറി<br>ശ്രീമതി സൽമാബീവി, സെക്രട്ടറി |
| 2-3 | 1,600 | | ശ്രീ അബൂ ഫൈസൽ,സെക്രട്ടറി |
| | 21,000 | | ശ്രീമതി സൽമാ ബീവി, സെക്രട്ടറി |
| 2-4 | 23641 | | ശ്രീ അബു ഫൈസൽ, സെക്രട്ടറി (11127/-) |
| | | | ശ്രീമതി സൽമാ ബീവി, സെക്രട്ടറി (12514/-) |
| 3-1 | | 24,902 | ശ്രീ.രാജപ്പൻ,അസി.എൻജിനീയർ |
| | | 24,902 | ശ്രീ കൃഷ്ണൻകുട്ടി, അസി.എക്സി.എൻജിനീയർ |
| ആകെ | 48861 രൂപ | 49804 രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10,37,403 | സെക്രട്ടറി, ഗ്രാ.പ. |
| 3-7 | 56,175 | ഡോ.ഈസ അരീക്കാടൻ,മെഡി.ഓഫീസർ PHC |

ആകെ = 10,93,578/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജപ്പൻ, അസി.എൻജിനീയർ | അസി.എൻജിനീയർ, ചേലേമ്പ്ര ഗ്രാ.പ. | പീണ്ടാണി പറമ്പ് ഹൗസ്, മുറവന്തുരുത്ത്, വടക്കേക്കര, നോർത്ത് പറവൂർ |
| ശ്രീ കൃഷ്ണൻകുട്ടി,അസി.എക്സി. എൻജിനീയർ | അസി. എക്സി. എൻജിനീയർ,തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത് | പുത്തൂർ പറമ്പിൽ ഹൗസ്, വെള്ളുവമ്പ്രം (PO),മലപ്പുറം, പിൻ:673642 |
| ശ്രീ അബൂഫൈസൽ, സെക്രട്ടറി | സെക്രട്ടറി, പുറത്തൂർ ഗ്രാ.പ. | പി.കെ.ഹൗസ്. ആനപ്പാറ, കടക്കൽ, കൊല്ലം 691536 |
| ശ്രീമതി സൽമാ ബീവി, സെക്രട്ടറി | തുടരുന്നു | കോട്ടത്തൊടി (H), പുളിക്കൽ (PO), മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം14/1736/13 (1)/21-1-14 | 09 | |
| 1998-99 | എൽ.എഫ്.എം14/1736/13 (2)/21-1-14 | 14 | |
| 1999-00 | എൽ.എഫ്.എം-14/1736/13 (3)/21-1-14 | 10 | |
| 2000-01 | എൽ.എഫ്.എം14/1736/13 (4)/21-1-14 | 13 | |
| 2001-02 | എൽ.എഫ്.എം14/1736/13 (5)/21-1-14 | 11 | |
| 2002-03 | എൽ.എഫ്.എം14/1736/13 (6)/21-1-14 | 7 | |
| 2003-04 | എൽ.എഫ്.എം14/1736/13 (7)/21-1-14 | 7 | |
| 2004-05 | എൽ.എഫ്.എം14/1736/13 (8)/21-1-14 | 5 | |
| 05-06 | എൽ.എഫ്.എം14/1736/13 (9)/21-1-14 | 9 | |

| | | | |
|---|---|---|---|
| 06-07 | എൽ.എഫ്.എം14/1736/13 (10)/21-1-14 | 13 | |
| 07-08 | എൽ.എഫ്.എം14/1736/13 (11)/21-1-14 | 12 | |
| 08-09-10-11 | എൽ.എഫ്.എം14/703/13/1-6-13 | 20 | |
| 11-12,12-13 | എൽ.എഫ്.എം14/508/2015/10-4-15 | 17 | |
| 13-14,14-15 | കെ.എസ്.എ.എം.പി.എം.14/1878/2016,28/07/16 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

# AUDIT CERTIFICATE

No. KSA/MPM 14/3473/2016

Kerala State Audit Department
District Office
Malappuram

Dated 25/01/2017

Certified that I have Audited the Annual Financial Statement of Thenhippalam Grama Panchayat in Malappuram District for the years 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by

the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Thenhippalam Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം 14/3473/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 25/01/2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം